**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4290 28 /06/2012-ലെ മറുപടിക്ക്

## സർവ്വകലാശാലാ പരീക്ഷകൾക്കും ഫലപ്രഖ്യാപനത്തിനും ഏകീകൃത കലണ്ടർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലും പഠന കേന്ദ്രങ്ങളിലും പരീക്ഷകളും ഫലപ്രഖ്യാപനവും അകാരണമായി വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയതുകാരണമുണ്ടായ പരീക്ഷകളുടെ ബാഹുല്യം, പരീക്ഷാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, മൂല്യനിർണ്ണയത്തിനാവശ്യമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ചില പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും വൈകാറുണ്ട്. |
| ബി) പരീക്ഷാഫലങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്ന് സർവ്വകലാശാലകൾക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ റീവാല്യുവേഷൻ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശം ബഹു. ഹൈക്കോടതിയിൽ നിന്ന് നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) പരീക്ഷാ കലണ്ടർ, പരീക്ഷാ സംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ നടപടികളിലൂടെ പരീക്ഷാഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാലകൾ ശ്രമിക്കുന്നുണ്ട്. |
| ഡി) വിവിധ സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകൾക്കും ഫലപ്രഖ്യാപനത്തിനും ഏകീകൃത കലണ്ടർ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) കോഴ്സുകളുടെ വൈവിദ്ധ്യം കാരണം ഏകീകൃത പരീക്ഷാ കലണ്ടർ ഉണ്ടാക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**